പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 138. 18-03-2013 -ൽ മറുപടിക്ക്.

## മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിന് സംവിധാനം

ചോദ്യം

ശ്രീ. ഇ. കെ. വിജയൻ:

ഉത്തരം

ശ്രീ. കെ. ബാബു

(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും വർദ്ധിച്ചു വരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(എ) മദ്യത്തിന്റെയും . മയക്കു മരുന്നിന്റെയും വർദ്ധിച്ചു വരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന്, വിപുലമായ ബോധവൽക്കരണ പരിപാടികളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ, ബോധവൽക്കരണ വിഭാഗം രൂപീകരിച്ചാണ് സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിച്ചു വരുന്നത്. റസിഡന്റ്സ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, N.S.S., കുടുംബശ്രീ, സാക്ഷരതാ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയുടെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമായി നടപ്പാക്കി വരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നുമുണ്ട്. കൂടാതെ, വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാമത്സരം, വിദഗ്ദ്ധഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു.

(ബി) ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന കുട്ടികളിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാമത്സരം, വിദഗ്ദ്ധഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ, മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനുമുള്ള പ്രായം, 18 വയസ്സിൽ നിന്ന് 21 വയസ്സായി ഉയർത്തിയിട്ടുമുണ്ട്.

സെക്ഷൻ ആഫീസർ